# Emalaylee salutes the Black History month

**ആഫ്രിക്കൻ അമേരിക്കകാരുടെ ജന്മം കൊണ്ടും പ്രവർത്തികൊണ്ടും ധന്യമായ ഫെബ്രുവരി കറുത്ത വർഗ്ഗക്കാരുടെ ചരിത്രം ആദരിക്കുന്ന മാസമായി അമേരിക്കയിൽ കൊണ്ടാടുന്ന ഈ അവസരത്തിൽ ഇ–മലയാളിയും അതിൽ പങ്കു ചേരുന്നു. അവർക്ക് ആശംസകൾ നേരുന്നു!!**

# കറുത്തവരുടെ ചരിത്രാഘോഷ മാസം



### സുധീർ പണിക്കവീട്ടിൽ



യൂറോപ്പ് ജനിക്കുമ്പോൾ ആഫ്രിക്കൻ ചരിത്രം വയസ്സനായികഴിഞ്ഞിരുന്നു. ആഫ്രിക്കയെ ഇരുണ്ട ഭൂഖണ്ഡം എന്നു് ആക്ഷേപിച്ച യൂറോപ്യന്മാരുടെ കിരാതത്തരം താരതമ്യം ചെയ്യുമ്പോൾ നരഭോജികളായി നടന്ന ഒരു ന്യൂന വിഭാഗം ആഫ്രിക്കയിലുണ്ടായിരുന്നെങ്കിലും സാംസ്കാരിക പാരമ്പര്യവും ആധുനിക സൗകര്യങ്ങളിലേക്കുള്ള അവരുടെ സംഭാവനയും കണക്കിലെടുക്കുമ്പോൾ അവരുടെ സ്ഥാനം മികച്ചതാണെന്ന് കാണാം. തീക്കൊള്ളിയും കുന്തവും, കത്തിയും, കൊട്ടയും, കാവും, ഓലമേഞ്ഞ കുടിലും തീയ്യിൽ വച്ച് ചുട്ടെടുക്കുന്ന മൺകലങ്ങളും, മ്രുഗങ്ങളുടെ തൊലികൊണ്ട് കുപ്പായവും, ചെരിപ്പും, ഇവരുടെ കണ്ടുപിടിത്തമായി കണക്കാക്കുന്നു. ആഫ്രിക്കയുടെ നാനാഭാഗത്തു് നിന്നും മനുഷ്യന്റെ ഉൽപ്പത്തിയെപ്പറ്റിയുള്ള ധാരാളം കഥകൾ ഉണ്ട്. മനുഷ്യർ മണ്ണിൽ നിന്നും മുളച്ചുണ്ടായതാണെന്ന് ഗ്രീക്കുകാർ വിശ്വസിക്കുമ്പോൾ പുരാതന ജൂതന്മാരും അവരുടെ പിൻഗാമികളും ഏദൻ തോട്ടത്തിൽ വച്ച് ഈ ലോകം സ്രുഷ്ടിച്ച് ആറു് ദിവസങ്ങൾക്ക് ശേഷം ആദം എന്ന ആദ്യ മനുഷ്യനെ ദൈവം സ്രുഷ്ടിച്ചു എന്ന് വിശ്വസിക്കുന്നു.ന ഈജിപ്റ്റ്ക്കാർ വിശ്വസിക്കുന്നത് അവരുടെ മണ്ണിൽ നിന്നും കുറച്ച് മണ്ണെടുത്ത് വിശുദ്ധനദിയായ നൈലിലെ വെള്ളം ചേർത്ത് കുഴച്ചുണ്ടാക്കിയതാണു് മനുഷ്യനെന്നാണു്.

വെർജീനിയയിലെ ജെയിംസ് ടൗണിൽ 1619 ലാണു കറുത്ത വർഗ്ഗക്കാർ ആദ്യമായി അമേരിക്കയിലെ മണ്ണിൽ കാലെടുത്ത് കുത്തിയത് എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ടെങ്കിലും ചരിത്രം പൂർണ്ണമായി പരിശോധിക്കുമ്പോൾ ക്രിസ്റ്റോഫർ കൊളംബസ്സിന്റെ കൂടെ വന്നവരിൽ കറുത്ത വംശരും ഉണ്ടായിരുന്നു എന്ന് കാണുന്നു.

അടിമകളായി ഇവിടെ വന്നവർ ഒഴിഞ്ഞ കയ്യുമായി വന്നെങ്കിലും അവരുടെ ഭാഷയും സംസ്കാരവും കൂടെ കൊണ്ട് വന്നിരുന്നു. അതിവിടെ വന്നു നഷ്ടപ്പെട്ടുപോയി എന്നത് സത്യം തന്നെ. അടിച്ചമർത്തപ്പെട്ട ഒരു അടിമവിഭാഗത്തിനു സ്വന്തമായൊരു വ്യക്തിത്വം കാത്തു് സൂക്ഷിക്കാനാവില്ലല്ലോ? ആഫ്രിക്കൻ ജനതയെ

അവഹേളിക്കാനായി യൂറോപ്യൻ അഹന്തയും പുച്ഛരവും കൂടെ സ്രുഷ്ടിച്ച വാക്കാണു് നീഗ്രോ. ആഫ്രിക്കക്കാർ കഥകൾ പറയുന്നതിലും കേൾക്കുന്നതിലും ഉത്സുക്രായിരുന്നുവെന്ന് അവരുടെ നാടോടി കഥകൾ കേട്ടാൽ മനസ്സിലാകും. **കറുത്ത വർഗ്ഗക്കാരുടെ ചരിത്രം ആഘോഷിക്കുന്ന ഈ അവസരത്തിൽ (ഫെബ്രുവരി കറുത്ത വർഗ്ഗക്കാരുടെ ചരിത്രാഘോഷമാസമാണു്) ഇതാ ഒരു ആഫ്രിക്കൻ നാടോടി കഥയും കുറച്ച് പഴഞ്ചൊല്ലുകളും. ഇംഗ്ലീഷിൽ കേൾക്കുകയും വായിക്കുകയും ചെയ്ത അറിവിൽ നിന്നും പരിഭാഷ ചെയ്തത്.**

# ദിനരാത്രങ്ങൾ ഉണ്ടാകുന്നത് ( ഒരു ആഫ്രിക്കൻ നാടോടി കഥ)

പണ്ട് പണ്ട് പകലും രാത്രിയും ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നത് ഇത്തിരി വെട്ടം മാത്രമാണു്. അതു കൊണ്ട് ആളുകൾക്ക് തമ്മിൽ തമ്മിൽ കാണാമായിരുന്നു എന്ന് മാത്രം. ഈ വെളിച്ചം കുറയുകയോ കൂടുകയോ ചെയ്തിരുന്നില്ല. ആ സമയത്ത് ഒരു ഗ്രാമത്തിൽ സന്താനങ്ങളില്ലാതെ ദു:ഖിച്ച് കഴിയുന്ന ഒരു സ്ത്രീ ഉണ്ടായിരുന്നു. തനിക്ക് ഒരു കുഞ്ഞുണ്ടാകണമെന്ന് അവൾ എത്രത്തോളം ആശിച്ചിരുന്നുവോ അത്രത്തോളം മറ്റ് സ്ത്രീകൾ കുഞ്ഞുങ്ങളെ പ്രസവിച്ച്കൊണ്ടിരുന്നു, അത് അവളുടെ ദു:ഖം ഇരട്ടിപ്പിച്ചു. അവളെ മറ്റ് സ്ത്രീകൾ പിശാച് എന്ന് വിശേഷിപ്പിക്കുകയും അവൾ വളരെ പാപം ചെയ്തത് കൊണ്ട് അങ്ങനെ ശിക്ഷിക്കപ്പെട്ടതാകുമെന്നും പറഞ്ഞു. ആ സ്ത്രീകൾ അവളുടെ മുഖത്ത് നോക്കി അങ്ങനെ പറഞ്ഞപ്പോൾ സങ്കടം സഹിക്കവയ്യാതെ അവൾ കരയുകയും മറ്റ് സ്ത്രീകളെക്കാൾ താനും ചീത്തയല്ല പക്ഷെ സന്താനഭാഗ്യം ഇന്നാതെപോയല്ലോ എന്നോർത്ത് ദു;ഖിക്കുകയും അതിനു ഒരു പരിഹാരം തേടുകയും ചെയ്തുകൊണ്ടിരുന്നു.

ഒടുവിൽ അവൾ ഒരു വൈദ്യനെ പറ്റി കേട്ടു. അദേഹത്തിന്റെ ഉള്ളം കൈ കൊണ്ട് ഒരു സ്ത്രീയുടെ വയറ്റിൽ തൊട്ടാൽ അവൾ ഗർഭവതിയാകുമത്രെ. ഏഴു കുന്നുകൾക്കപ്പുറം താമസിച്ചിരുന്ന ആ വൈദ്യനെ കാണാൻ അവൾക്ക് ഒത്തിരി ദൂരം നടക്കേണ്ടി വന്നു.

വൈദ്യനെ കണ്ടു മുട്ടിയപ്പോൾ അവൾ അവളുടെ കഥ അദ്ദേഹത്തെ കേൾപ്പിച്ചു, എല്ലാം കേട്ട് കഴിഞ്ഞു അദ്ദേഹം പറഞ്ഞു " നീ കുറച്ച് കാലം കാത്തിരിക്കണം. കാരണം ഇപ്പോൾ വരുന്ന കുട്ടികൾ നല്ലവരല്ല. ഇത്രയും കാത്തിരുന്നിട്ടും എന്തിനാണു് ഒരു ചീത്ത കുഞ്ഞിന്റെ അമ്മയാകുന്നത്. നല്ല കുട്ടികൾ വരുന്നത് വരെ കാത്തിരിക്കുക. എത്ര കാലം നല്ല കുട്ടികൾക്ക് വേണ്ടി കാത്തിരിക്കണമെന്ന് പറയാൻ വൈദ്യനു കഴിയുമായിരുന്നില്ല. അമ്മയാകാനുള്ള അവളുടെ അഭിലാഷം തീവ്രമായിരുന്നു. കുട്ടികൾ ഇല്ലാതിരിക്കുന്നതിനേക്കാൾ ഭേദം നല്ലതോ ചീത്തയോ ആയ ഒരു കുട്ടിയല്ലേ എന്ന അവളുടെ വാദം കേട്ട വൈദ്യൻ മനമില്ലാമനസ്സോടെ അവളുടെ വയറ്റിൽ തന്റെ ഉള്ളം കൈകൊണ്ട് തൊട്ട് അനുഗ്രഹിച്ചു.

അവൾ സന്തോഷത്തോടെ മടങ്ങിപ്പോയി. പത്തു മാസങ്ങൽ കടന്നു പോയി. അവളും ഒരു അമ്മയായി. വൈദ്യൻ പറഞ്ഞ്പോലെ കുട്ടി ചെറുപ്പത്തിലെ വളരെ വാശിക്കാരനും അനുസരണ ശീലമില്ലാത്തവനും ആയിരുന്നു. അതൊന്നും അവളെ നിരാശപ്പെടുത്തിയില്ല. അവൻ മറ്റ് കുട്ടികളേക്കാൾ വ്യത്യസ്ഥമായി ചെറിയ സാധു മ്രുഗങ്ങളേയും, മറ്റു കുട്ടികളേയും ഉപദ്രവിക്കുക സാധാരണയായി. അവൻ വളർന്ന് ഒരു യുവാവായപ്പോൾ അവന്റെ ഉപദ്രവം മൂലം എല്ലാവരുടെയും ജീവിതം ദുസ്സഹമായി തീർന്നു. ആർക്കും അവന്റെ മാതാപിതാക്കൾക്ക് പോലും അവനെ നിയന്ത്രിക്കാനോ, നന്നാക്കാനോ പറ്റുമായിരുന്നില്ല.

അവസാനം അവൻ എല്ലാവരേയും കൊല്ലാൻ തീരുമാനിച്ചു. അതിനായി ഒരു മന്ത്രവാദിയെ കണ്ടു് അയാളിൽ നിന്നും ഒരു മന്ത്രം സമ്പാദിച്ചു. ഈ മന്ത്രം കൊണ്ട് അവൻ ആഗ്രഹിക്കുമ്പോഴൊക്കെ ഇരുട്ട് ഉണ്ടാക്കാനും അതിന്റെ മറവിൽ അവനു ഒളിക്കാനും സാധിച്ചു, മന്ത്രശക്തി ഉപയോഗിച്ച് ഇരുട്ടുണ്ടാക്കി ആ വരസിദ്ധി നൽകിയ മന്ത്രവാദിയെ അവൻ ആദ്യം കൊന്നു.

അതിനുശേഷം അവൻ ഗ്രാമത്തിൽ തിരിച്ചെത്തി തന്റെ ദുഷ്ക്കർമ്മങ്ങൾ ആരംഭിച്ചു. എന്നാൽ ആ ഗ്രാമത്തിൽ ഒരു മന്ത്രവാദി തള്ളയുണ്ടായിരുന്നു. തള്ളയുടെ മന്ത്രശക്തികൊണ്ട് മുന്നിലുള്ള ശത്രുവിനെ വളരെ പ്രകാശത്തോടുകൂടിയ ഒരു വെളിച്ചമുണ്ടാക്കി കാണുവാനും തന്മൂലം രക്ഷപ്പെടുവാനും സാധിച്ചിരുന്നു. തള്ള വെളിച്ചമുണ്ടാക്കുമ്പോൾ അവൻ ഇരുട്ടുണ്ടാക്കികൊണ്ടിരുന്നു. മരണം വരെ അവർ ഇത് തുടർന്നു.

അവരുടെ മരണശേഷം ഈ മന്ത്രത്തെപ്പറ്റി ആർക്കും അറിവില്ലാത്തതിനാൽ അവരുടെ മന്ത്രശക്തി ഇന്നും പ്രവ്രുത്തിച്ച്കൊണ്ടിരിക്കുന്നു. ഇരുട്ടും വെളിച്ചവും ഉണ്ടാകുന്നു.

# ആഫ്രിക്കൻ പഴഞ്ചൊല്ലുകൾ

**കോഴി കൂവിയില്ലെങ്കിലും നേരം വെളുക്കും.**
**പല്ല് നാവിനെ കടിക്കുന്നത് വിദ്വേഷം കൊണ്ടല്ല.**
**കത്തുന്ന വിറക് ചാരമായി തീരുന്നു.**
**വാലില്ലാത്ത പശുവിൽ നിന്നും ഈച്ചകളെ ദൈവം അകറ്റി നിർത്തുന്നു.**
**സഹകരണത്തോടെ പറക്കാത്ത പക്ഷികളുടെ ചിറകുകൾ തമ്മിൽ കൂട്ടിയടിക്കുന്നു.**
**നാലു് കാലുണ്ടായിട്ടും കുതിരകൾ ചിലപ്പോൾ വീഴുന്നു.**
**ധനം നടന്നു വരുന്നു, ഓടി പോകുന്നു.**
**കോഴിയാണു് അടയിരിക്കുന്നത്, മുട്ട കോഴിയുടെ മേലല്ല.**
**ധാന്യം നിറച്ച കുട്ടകൾക്ക് കീഴിൽ ക്ഷാമം ഉറങ്ങുന്നു,**
**എല്ലാവരുമായി വഴക്കടിക്കുന്നവന്റെ ശവപ്പെട്ടി ചുമക്കാൻ ആൾ കാണില്ല.**
**കാറ്റിനെ കൈ കൊണ്ട് പിടിക്കാൻ കഴിയില്ല.**
**ദൈവം നിങ്ങളുടെ കാലു് ഒടിക്കുകയാണെങ്കിൽ മുടന്താനും പഠിപ്പിക്കുന്നു. (ഒടിവ് ഉടനെ മാറ്റുമെന്നായിരിക്കും കപട മതവിശ്വാസികൾ കേൾക്കാൻ കൊതിച്ചിട്ടുണ്ടാകുക. എന്നാൽ ബുദ്ധിമുട്ടുകളെ തരണം ചെയ്ത് ശക്തി നേടാനാണു് ദൈവം ആഗ്രഹിക്കുന്നത്)**

**സമാധാനം എവിടെയുണ്ടോ അവിടെ അരിവാൾ കൊണ്ട് താടി വടിക്കാനും മുടി വെട്ടാനും കഴിയും (സമാധാനം ഉണ്ടെങ്കിൽ എന്തും സാധ്യമെന്നർഥം.)**

*(സൂര്യതാപം അനുഭവപ്പെടാതെ, യജമാനന്റെ ചമ്മട്ടി പ്രഹരത്തിന്റെ നോവറിയാതെ, നിദ്രയുടെ നാട്ടിൽ മ്രുത്യു വീശിയ വെളിച്ചത്തിൽ അവന്റെ നിർജ്ജീവമായ ശരീരം കിടന്നു. ശോക തപ്തമായ ആത്മാവ് ദൂരേക്ക് എറിഞ്ഞ ഒരു തേഞ്ഞ ചങ്ങല പോലെ......കൊയ്ത് കൂട്ടിയ കറ്റകൾക്കരികിൽ കയ്യിൽ പിടിച്ച് അരിവാളുമായി.... ആ അടിമ ഒരിക്കലും ഉണരാത്ത നിദ്രയിൽ ലയിച്ചു കിടന്നു.. (പരിഭാഷ ലേഖകൻ)* അമേരിക്കൻ കവി ലോങ്ങ്ഫെല്ലോ എഴുതിയ വളരെ ഹ്രുദയസ്പർശിയായ ഈ കവിത വായിക്കുക....)

**The Slave's Dream**
**by Henry Wadsworth Longfellow**

**The Slave's Dream**
**by Henry Wadsworth Longfellow**
**(1807-1882)**

---

Beside the ungathered rice he lay,
His sickle in his hand;
His breast was bare, his matted hair
Was buried in the sand.
Again, in the mist and shadow of sleep,
He saw his Native Land.

Wide through the landscape of his dreams
The lordly Niger flowed;
Beneath the palm-trees on the plain
Once more a king he strode;
And heard the tinkling caravans
Descend the mountain-road.

He saw once more his dark-eyed queen
Among her children stand;
They clasped his neck, they kissed his cheeks,
They held him by the hand!--
A tear burst from the sleeper's lids
And fell into the sand.

And then at furious speed he rode
Along the Niger's bank;
His bridle-reins were golden chains,
And, with a martial clank,
At each leap he could feel his scabbard of steel
Smiting his stallion's flank.

Before him, like a blood-red flag,
The bright flamingoes flew;
From morn till night he followed their flight,
O'er plains where the tamarind grew,
Till he saw the roofs of Caffre huts,
And the ocean rose to view.

At night he heard the lion roar,
   And the hyena scream,
And the river-horse, as he crushed the reeds
   Beside some hidden stream;
And it passed, like a glorious roll of drums,
   Through the triumph of his dream.

The forests, with their myriad tongues,
   Shouted of liberty;
And the Blast of the Desert cried aloud,
   With a voice so wild and free,
That he started in his sleep and smiled
   At their tempestuous glee.

He did not feel the driver's whip,
   Nor the burning heat of day;
For Death had illumined the Land of Sleep,
   And his lifeless body lay
A worn-out fetter, that the soul
   Had broken and thrown away!

--------------------------------------

ശുഭം